"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല, കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത് - പ്രസിഡന്റ്, ശ്രീമതി വഹീദ കെ പി യ്ക്ക് ചികിത്സ ഇനത്തിൽ ചെലവായ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1706/2025/LSGD തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. കല്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 24.04.2025 തീയതി നടന്ന സാധാരണ യോഗത്തിലെ 15/1 നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.06.2025 തീയതിയിലെ LSGD/PD/16576/2025-EER2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ല, കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വഹീദ കെ. പി. എന്നവർക്ക് തൈറോയ്ഡ് സർജറിയും തുടർന്നുള്ള അനുബന്ധ ചികിത്സ നടത്തിയ ഇനത്തിൽ പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജിൽ ചെലവായ തുകയായ ₹64,621/-രൂപ (അറുപത്തിനാലായിരത്തി ആറുനൂറ്റി ഇരുപത്തിയൊന്നു രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി വഹീദ കെ പി എന്നവർക്ക് ചികിത്സ നടത്തിയ ഇനത്തിൽ അനുവദനീയമായ തുകയുടെ 70% തുകയായ 45,234/-രൂപ (നാൽപത്തി അഞ്ചായിരത്തി ഇരുനൂറ്റി മുപ്പത്തിനാല്പ രൂപ മാത്രം) ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും

അടിസ്ഥാനത്തിൽ കല്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് /സെക്രട്ടറി, കല്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/121/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 10-07-2025 16:52:39

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.